# KERALA POLICE INFORMATION CENTRE

No.31/PR/PIC/PHQ/10 Date : 14/05/10

## ഇന്റർനെറ്റ് വഴി ദുഷ്പ്രചരണം: യുവാവ് അറസ്റ്റിൽ

ഇന്റർനെറ്റിൽ Google ന്റെ സൗജന്യ സർവ്വീസായ blogspot.com എന്ന വെബ്സൈറ്റിൽ www.വിചിത്രകേരളം.blogspot.com എന്ന ഒരു ബ്ലോഗ് നിർമ്മിച്ച് അതിൽ കൂടി നായർ സമുദായത്തിന്, പ്രത്യേകിച്ച് നായർ സ്ത്രീകളെ ഒന്നടങ്കം അധിക്ഷേപിക്കുന്ന തരത്തിൽ ബ്ലോഗുകൾ എഴുതി പ്രചരിപ്പിച്ച് നായർ സമുദായത്തിന് നാണക്കേടും സമുദായാഗംങ്ങൾക്കിടയിൽ അമർഷവും വിദ്വേഷവും, സ്പർദ്ദയും ഉണ്ടാക്കുന്ന തരത്തിൽ Blog create ചെയ്തതിലേക്ക് NSS ജനറൽ സെക്രട്ടറി ശ്രീ. പി. കെ. നാരായണപണിക്കർ നൽകിയ പരാതിയിന്മേൽ ഹൈടെക് സെൽ പ്രാഥമിക അന്വേഷണം നടത്തുകയും തുടർന്ന് സൈബർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ഉണ്ടായി. അന്വേഷണത്തിൽ ചേർത്തല തുറവൂർ സ്വദേശിയും എറണാകുളം ടെക്നിക്കൽ സ്കൂളിലെ എൽ. ഡി. ക്ലാർക്കുമായ കെ. വി. ഷൈൻ (37) ആണ് 14.01.2010 ൽ Kunnaayma@gmail.com എന്ന E-mail ID യും വിചിത്രകേരളം എന്ന Blog create ചെയ്തതെന്ന് കണ്ടെത്തി തുടർന്ന് ബ്ലോഗിൽ പലതവണ അപകീർത്തിപരമായ posting കൾ നടത്തിയതായി കണ്ടെത്തുകയതിനെ തുടർന്ന് ആയതിന് ഉപയോഗിച്ച Computer, Hard disk, Internet Modem എന്നിവ പ്രതിയുടെ ചേർത്തല തുറവൂരുള്ള വീട്ടിൽ നിന്നും കണ്ടെടുത്ത് ചങ്ങനാശ്ശേരി JFMC-I മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാകുന്നു. ഹാർഡ് ഡിസ്കുകൾ പരിശോധനയ്ക്കായി ഫോറൻസിക് ലാബിൽ അയച്ചിരിക്കുകയാണ്. പ്രതി ഷൈൻ കോട്ടയം സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യം സമർപ്പിച്ചിരുന്നതും, എന്നാൽ അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരായി ജാമ്യം എടുക്കുന്നതിനും കോടതി നിർദ്ദേശിച്ചതിനെ തുടർന്ന് ഇന്ന് (14.05.2010) സൈബർ പോലീസ് സ്റ്റേഷൻ DySP J. സുകുമാരപിള്ളയുടെ മുമ്പാകെ ജാമ്യക്കാരുമായി ഹാജരാകുകയാൽ ടിയാനെ ചോദ്യം ചെയ്ത ശേഷം അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. പ്രതി ജോർജ്ജ് ജോസഫ് എന്ന വ്യാജ പേരിലാണ് Blog create ചെയ്തിട്ടുള്ളത്. കേസിന്റെ അന്വേഷണ സംഘത്തിൽ DySP, J. സുകുമാരപിള്ള, DySP E. S ബിജുമോൻ, Hitech Cell AC വിനയകുമാരൻ നായർ, സി. ഐ. വി. കെ. അജിത് മോഹൻ, എസ്. ഐ. എസ്. ശ്രീകാന്ത്, എ. എസ്. ഐ മാരായ സുരേന്ദ്രൻ നായർ വി. എസ്, കെ. ഹരീന്ദ്രൻ, എച്ച്. സി. ബിജുലാൽ. കെ. എൻ, PCs . ബിജുകുമാർ. ജി, അഭിഷേക് എന്നിവർ ഉണ്ടായിരുന്നു.

The contents of this document may be deemed to be based on received information which is subject to further verification